MONDAY തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


# Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR     Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)27/11/2023

1. ജനങ്ങളുമായി നേരിട്ട് സംവദിച്ച് ഭരണ പുരോഗതി വിലയിരുത്താനും ജനാഭിപ്രായം തേടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജക മണ്ഡലങ്ങളിലൂടെയുള്ള പര്യടനം നടത്തുന്നു. നവകേരള സദസ്സ് 2023 ഇന്ന് വയനാട് ജില്ലയിലെ വടകര, നാദാപുരം, കുറ്റ്യാടി, പേരാമ്പ്ര സംഘടിപ്പിക്കുന്നു.

2. കാർഷിക മേഖലയിൽ ചെലവുകുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (കാർഷിക യന്ത്ര വൽക്കരണ ഉപ പദ്ധതി SMAM). ഈ പദ്ധതിയിൻ കീഴിൽ കാർഷിക - യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര വിളസംസ്കരണം വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. ഈ പദ്ധതിയിൽ അംഗമാകുന്നതിന് http://agrimachinery.nic.in/index എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. 2023 2024 - സാമ്പത്തിക വർഷത്തിലെ വ്യക്തിഗത ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓൺലൈൻ ആയി ഈ പോർട്ടലിൽ 01.08.2023 മുതൽ നൽകാവുന്നതാണ്. കാർഷിക യന്ത്രവൽക്കരണ പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷി ഭവനുമായോ 0471 2306748, 0477 2266084, 0495 2725354 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

പരിശീലന പരിപാടി

3. കേരള കാർഷിക സർവകലാശാല, നെല്ല് ഗവേഷണ കേന്ദ്രം, മങ്കൊമ്പ്, ആലപ്പുഴയിൽ നബാർഡ് ധന സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയിൽ കൂൺ കർഷകർക്കായി പരിശീലന പരിപാടി സൗജന്യമായി 2023 നവംബർ 15 നും ഡിസംബർ 15 നും ഇടയിൽ നടത്തപ്പെടുന്നു. കൂൺ കൃഷി എന്നവിഷയത്തിൽ രണ്ടുദിവസത്തെയും, കൂൺ വിത്ല്പാദനം എന്നവിഷയത്തിൽ

മൂന്നുദിവസത്തെയും പരിശീലനം നടത്തുന്നു. കൂൺ കൃഷിയിൽ കുറഞ്ഞത് രണ്ടു വർഷത്തെ പ്രായോഗിക പരിചയമുള്ള കർഷകർക്ക് കൂൺ വിത്ത് ഉൽപാദന പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. പ്രായോഗിക പരിചയം തെളിയിക്കുന്നതിന് ബന്ധപ്പെട്ട കൃഷി ഓഫീസറിൽ നിന്നുമുള്ള സാക്ഷ്യപത്രം രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഓഫീസുമായി 0477 2702245 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്. ഇമെയിൽ: rrsmancompu@kau.in

4. മൃഗസംരക്ഷണ വകുപ്പ് തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് 28/11/23, രാവിലെ 10 മണി മുതൽ 5 മണി വരെ **പോത്തുകുട്ടി പരിപാലനം** എന്ന വിഷയത്തിൽ നേരിട്ട് സൗജന്യ പരിശീലന ക്ലാസ്സ് നടത്തുന്നു. താല്പര്യമുള്ളവർ 9188522711, 0469-2965535 എന്നീ നമ്പരുകളിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

5. ICAR കൃഷി വിഗ്യാൻ കേന്ദ്രത്തിന്റെയും വെള്ളനാട് മിത്രാനികേതന്റെയും ആഭിമുഖ്യത്തിൽ **മൈക്രോഇറിഗേഷൻ** എന്ന വിഷയത്തിൽ ഒരു ഏകദിനപരിശീലനം ഡിസംബർ 11- ന് ( 11.12.23) രാവിലെ 10 മണിക്ക് സംഘടിപ്പിക്കുന്നു. രെജിസ്ട്രേഷൻ നിർബന്ധം. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ **9400288040**.

6. റബ്ബർബോർഡിന്റെ കീഴിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ എഞ്ചിനീയറിങ് ആന്റ് പ്രോസസ്സിങ് ഡിവിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിൽ 'അനലിറ്റിക്കൽ ട്രെയിനി'കളെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് 'വാക്ക് ഇൻ ഇന്റർവ്യൂ' നടത്തുന്നു. അപേക്ഷകർക്ക് 60 ശതമാനത്തിൽ കുറയാത്ത മാർക്കോടെ രസതന്ത്രത്തിൽ ബിരുദമോ ബിരുദാനന്തരബിരുദമോ അല്ലെങ്കിൽ പോളിമറിലോ റബ്ബർ ടെക്നോളജിയിലോ ഡിപ്ലോമയോ ഉണ്ടായിരിക്കണം. കമ്പ്യൂട്ടർ പരിജ്ഞാനം അഭികാമ്യം. താൽപര്യമുള്ളവർ കോട്ടയത്ത് പുതുപ്പള്ളിയിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ, പ്രോസസ്സിങ് ആന്റ് ക്വാളിറ്റി കൺട്രോൾ ജോയിന്റ് ഡയറക്ടർ മുമ്പാകെ **നവംബർ 28**-ന് രാവിലെ 9.30-നും ഉച്ചയ്ക്ക് ഒരു മണിക്കും ഇടയ്ക്ക് വയസ്സ്, വിദ്യാഭ്യാസയോഗ്യത,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുക.

7. നവകേരള സദസ്സിന്റെ ഭാഗമായി കണ്ണൂർ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് നവംബർ 27ന് പെറ്റ് ഡോഗ് മാനേജ്മെൻറ്, 28ന് മുട്ടക്കോഴി വളർത്തൽ, 29ന് ഇറച്ചിക്കോഴി വളർത്തൽ എന്നീ വിഷയത്തിൽ പരിശീലനം നൽകുന്നു. ഈ പരിശീലന ക്ലാസിൽ കണ്ണൂർ, കാസർകോഡ്, കോഴിക്കോട് ജില്ലകളിലെ കർഷകർക്ക് പങ്കെടുക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം